## പതിമൂന്നാം കേരളനിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 14        10.06.2013 - ലെ മറുപടിയ്ക്ക്

## സാമ്പത്തിക സെൻസസ്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.ദിവാകരൻ<br>" ജി.എസ്.ജയലാൽ<br>" കെ.രാജു<br>ശ്രീമതി.ഇ.എസ്.ബിജിമോൾ | | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇപ്പോൾ ഒരു സാമ്പത്തിക സെൻസസ് നടന്നുവരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് 2013 മെയ് 1 മുതൽ 6-ാമത് സാമ്പത്തിക സെൻസസ് നടന്നു വരുന്നു. |
| (ബി) | ഈ സാമ്പത്തിക സെൻസസ് കേരളത്തിൽ കൃഷിയും കൃഷിക്കാരും ഇല്ലാതാകുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഇല്ല. കാർഷിക സംരംഭങ്ങളുടെയും കാർഷികേതര സംരംഭങ്ങളുടെയും കണക്കെടുപ്പ് നടത്തുകയാണ് ഈ സെൻസസിന്റെ ഉദ്ദേശ്യം. ഇതുമൂലം കൃഷിയും കൃഷിക്കാരും ഇല്ലാതാകുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ല. |
| (സി) | കഴിഞ്ഞ ജനസംഖ്യാ കണക്കെടുപ്പിൽ സംസ്ഥാനത്ത് കർഷകരും കർഷക തൊഴിലാളികളും കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) | ഇത് സംബന്ധമായ കണക്കുകൾ സെൻസസ് അധികൃതർ പ്രസിദ്ധീകരിച്ചിട്ടില്ല. |
| (ഡി) | കാർഷിക തോട്ടവിളകൾ ഉൾപ്പെടെയുള്ളവയെ കാർഷിക സംരംഭത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനും കർഷകരെയും കർഷകഗ്രൂപ്പുകളെയും സെൻസസിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) | കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിൽ രാജ്യത്തുടനീളം നടക്കുന്ന സെൻസസാണിത്. ഇതിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതും നടപടികൾ സ്വീകരിക്കുന്നതും കേന്ദ്രഗവൺമെന്റാണ്. സാമ്പത്തിക സെൻസസിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ള ദീർഘ-ഹ്രസ്വകാല വിളകളുടെയും തോട്ടവിളകളുടെയും ഉത്പാദനം അഗ്രിക്കൾച്ചർ സെൻസസിലൂടെയും മറ്റും തുടർച്ചയായി സർക്കാർ പ്രത്യേകമായി ശേഖരിക്കുന്നുണ്ട്. കാർഷിക സംരംഭങ്ങൾ മുഴുവനും സാമ്പത്തിക സെൻസസിന്റെ പരിധിയിൽ വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ